"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്- എറണാകുളം ജില്ല- ഏഴിക്കര ഗ്രാമപഞ്ചായത്ത്- ഭരണസമിതിയുടെ 06/08/2019, 31/08/2019 തീയതികളിലെ യഥാക്രമം 4/1, 24/1 നമ്പർ തീരുമാനങ്ങൾ- കേരള പഞ്ചായത്ത് രാജ് ആക്റ്റ് 191(2) വകുപ്പ് പ്രകാരം റദ്ദ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**തദ്ദേശസ്വയംഭരണ(ആർ ബി) വകുപ്പ്**

G.O.(Rt)No.979/2024/LSGD തീയതി,തിരുവനന്തപുരം, 05-06-2024

---

പരാമർശം:-

1. ഏഴിക്കര ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 06/08/2019, 31/08/2019 തീയതികളിലെ യഥാക്രമം 4/1, 24/1 നമ്പർ തീരുമാനങ്ങൾ.
2. ഏഴിക്കര ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 31/08/2019 തീയതിയിലെ എ3-3/19 നമ്പർ കത്ത്.
3. 03/03/2020 തീയതിയിലെ സർക്കാർ ഉത്തരവ് (സാധാ) നം. 530/2020/തസ്വഭവ
4. ബഹു.തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കായുള്ള ട്രൈബ്യൂണലിന്റെ 25/01/2024 തീയതിയിലെ 5/2020 നമ്പർ ഉത്തരവ്.

**ഉത്തരവ്**

എറണാകുളം ജില്ലയിലെ ഏഴിക്കര ഗ്രാമപഞ്ചായത്തിൽ തീരദേശ മേഖലയിൽ സി. ആർ. ഇസഡ് നിയമങ്ങളുടെ ലംഘനം നടത്തി നിർമ്മിച്ചിട്ടുള്ളതും കെട്ടിട നമ്പർ അനുവദിക്കാത്തതുമായ നിർമ്മാണങ്ങൾക്ക് വൈദ്യുതി കണക്ഷൻ നൽകുന്നതിന് കെ. എസ്. ഇ. ബി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർക്ക് തീരുമാനം നൽകുന്നതിനുള്ള പരാമർശം (1) പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനത്തിൽ, പ്രസ്തുത രീതിയിൽ നിർമ്മാണം നടത്തപ്പെട്ട കെട്ടിടങ്ങൾക്ക് വൈദ്യുതി കണക്ഷൻ നൽകുന്നതിന് തീരുമാനം എടുത്ത് നൽകുന്നതിനോ ആയത് നടപ്പിലാക്കുന്നതിനോ അധികാരമില്ലാത്തതാണെന്ന് ഏഴിക്കര ഗ്രാമപഞ്ചായത്ത് സെക്രട്ടറി ഭരണസമിതിയെ അറിയിക്കുകയുണ്ടായി. തുടർന്ന് 31/08/2019 ലെ പഞ്ചായത്ത് കമ്മിറ്റിയിലും 06/08/2019 ലെ കമ്മിറ്റി തീരുമാനം പുനരവലോകനത്തിനായി കമ്മിറ്റിയുടെ പരിഗണനയ്ക്ക് സമർപ്പിയ്ക്കുകയും, കമ്മിറ്റി മുൻ തീരുമാനത്തിൽ ഉറച്ചു നിൽക്കുകയും ചെയ്തതിനാൽ സെക്രട്ടറിയെ ചുമതലപ്പെടുത്തിക്കൊണ്ടുള്ള പഞ്ചായത്ത് കമ്മിറ്റി തീരുമാനങ്ങൾ സർക്കാരിന്റെ തീരുമാനത്തിനായി റഫർ ചെയ്യുന്നുവെന്നും പരാമർശം (2) പ്രകാരം ഏഴിക്കര ഗ്രാമപഞ്ചായത്ത് സെക്രട്ടറി സർക്കാരിനെ അറിയിക്കുകയുണ്ടായി.

2. ഗ്രാമപഞ്ചായത്ത് ഭരണസമിതി കൈക്കൊണ്ട പരാമർശം (1) പ്രകാരമുള്ള തീരുമാനങ്ങൾ പ്രഥമദൃഷ്ട്യാ നിയമാനുസൃതമല്ലാത്തതായി കണ്ടതിനെ തുടർന്ന്, കേരള പഞ്ചായത്ത് രാജ് ആക്റ്റ് 191(4) പ്രകാരം, ടി തീരുമാനങ്ങൾ സ്റ്റേ ചെയ്ത് 191(2) പ്രകാരം ബഹു. തദ്ദേശ സ്വയംഭരണ

സ്ഥാപനങ്ങൾക്കായുള്ള ട്രൈബ്യൂണലിന്റെ ഉപദേശത്തിനായി റഫർ ചെയ്ത് പരാമർശം (3) പ്രകാരം ഉത്തരവായിരുന്നു.

3. ഈ വിഷയത്തിൽ പരാമർശം (4) പ്രകാരം ബഹു. ട്രൈബ്യൂണൽ ഉത്തരവ് ലഭ്യമാക്കുകയുണ്ടായി. പ്രസ്തുത ഉത്തരവ് പ്രകാരം ഏഴിക്കര ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 06/08/2019, 31/08/2019 തീയതികളിലെ യഥാക്രമം 4/1, 24/1 നമ്പർ തീരുമാനങ്ങൾ നിയമവിധേയമല്ലെന്ന് ബഹു. ട്രൈബ്യൂണൽ ഉത്തരവായിട്ടുണ്ട്. ഇക്കാര്യത്തിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി സ്വീകരിച്ച നടപടി യഥാവിധിയാണെന്നും ബഹു. ട്രൈബ്യൂണൽ വിലയിരുത്തിയിട്ടുണ്ട്.

4. ബഹു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കായുള്ള ട്രൈബ്യൂണലിന്റെ പരാമർശം (4) പ്രകാരമുള്ള ഉത്തരവിന്റെ വെളിച്ചത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഏഴിക്കര ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 06/08/2019, 31/08/2019 തീയതികളിലെ യഥാക്രമം 4/1, 24/1 നമ്പർ തീരുമാനങ്ങൾ നിയമാനുസൃതമല്ലാത്തതിനാൽ കേരള പഞ്ചായത്ത് രാജ് നിയമം 191(2) വകുപ്പിലെ അധികാരം വിനിയോഗിച്ച് അവ റദ്ദ് ചെയ്ത് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

H MUHAMMED FAISAL
DEPUTY SECRETARY

പകർപ്പ്

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ, തദ്ദേശസ്വയംഭരണ(റൂറൽ ) വകുപ്പ്, തിരുവനന്തപുരം.
ജില്ല ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം.
പ്രസിഡന്റ്, ഏഴിക്കര ഗ്രാമപഞ്ചായത്ത്
സെക്രട്ടറി, ഏഴിക്കര ഗ്രാമപഞ്ചായത്ത്
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ (തദ്ദേശസ്വയംഭരണ വകുപ്പിന്റെ ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്. )
ഇൻഫർമേഷൻ ഓഫീസർ ( വെബ് & ന്യൂ മീഡിയ )
കരുതൽ ഫയൽ / ആഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം
Signed by
Rajesh N
Date: 06-06-2024 13:15:14
സെക്ഷൻ ഓഫീസർ